**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3231** **15-02-2024 - ൽ മറുപടിയ്ക്ക്**

**വികസനത്തിന് സ്ഥലമേറ്റെടുപ്പിന്റെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2023-24-ലെ ബഡ്ജറ്റിൽ ഉൾപ്പെട്ട കോവൂർ-ചൊന്നാംതൊടിത്താഴം-എം.എൽ.എ. റോഡ് വികസനത്തിനായുള്ള സ്ഥലമേറ്റെടുപ്പിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2023-24 ബഡ്ജറ്റിൽ ഉൾപ്പെട്ട കോവൂർ-ചെന്നാംതൊടിത്താഴം- എം.എൽ.എ. റോഡ് വികസനത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു. അലൈൻമെൻറ് അംഗീകരിച്ചതിന് ശേഷം സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ബി.സി. റോഡ് കോയവളപ്പ് മുതൽ കോതിപാലം വരെയുള്ള തീരദേശ ഹൈവേയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | തീരദേശ ഹൈവേയിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ ബി.സി റോഡ് മുതൽ കോതിപാലം വരെയുള്ള പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് 22.08.2023-ന് 86.24 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി 25.10.2023-ന് ലഭിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയതിൻ പ്രകാരം പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 50 ലക്ഷം രൂപ കിഫ്ബിയിൽ നിന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | മാങ്കാവ് ജംഗ്ഷൻ മേൽപ്പാല നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (സി) | മാങ്കാവ് ജംഗ്ഷൻ മേൽപ്പാലം നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. |
| (ഡി) | നഗരത്തിലെ കല്ലുത്താൻ കടവ്പാലം-എ.കെ.ജി ഓവർബ്രിഡ്ജ് എന്നിവയുടെ നവീകരണത്തിന്റെ സ്ഥിതി വ്യക്തമാക്കാമോ? | (ഡി) | കല്ലുത്താൻ കടവ് പാലം പുനരുദ്ധാരണ പ്രവൃത്തി 6 മാസകാലാവധിയോടെ M/s. സ്ട്രക്ചറൽ സ്പെഷ്യാലിറ്റീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഏറ്റെടുക്കുകയും 24.11.2023 തീയതിയിൽ പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 25% പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എ.കെ.ജി ഫ്ലൈഓവർ പുനരുദ്ധാരണ പ്രവൃത്തി 6 മാസകാലാവധിയോടെ M/s. സ്ട്രക്ചറൽ സ്പെഷ്യാലിറ്റീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനം ഏറ്റെടുക്കുകയും 15.11.2023 തീയതിയിൽ പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 30% പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ